# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *263** — **13/03/2020 ൽ മറുപടിക്ക്**

## തുറന്ന് പ്രവർത്തിപ്പിച്ച കശുവണ്ടി ഫാക്ടറികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡി.കെ.മുരളി<br>ശ്രീ.സജി ചെറിയാൻ<br>ശ്രീമതി. പി. അയിഷാപോറ്റി<br>ശ്രീ. കെ. കുഞ്ഞിരാമൻ | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) തകർച്ചയിലായിരുന്ന കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി കാഷ്യൂ കോർപ്പറേഷന്റെയും കാപ്പക്സിന്റെയും കീഴിലുള്ള അടച്ചിട്ടിരുന്ന ഫാക്ടറികളെല്ലാം വർഷം മുഴുവൻ പ്രവർത്തിപ്പിക്കാനും പുതുതായി തൊഴിലാളികളെ നിയമിക്കാനും സാധ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് പൊതുമേഖലയിലുള്ള കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സും അടഞ്ഞുകിടക്കുകയായിരുന്നു. ഫാക്ടറികൾ തുറന്ന് തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി 2016 ആഗസ്റ്റ് 17 ന് കശുവണ്ടി വികസനകോർപ്പറേഷനും ആ മാസം തന്നെ കാപ്പെക്സും തുറന്നു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞു.<br><br>ഫാക്ടറികളുടെ പ്രവർത്തനത്തിനാവശ്യമായ തോട്ടണ്ടി ന്യായമായ വിലയ്ക്ക് തടസ്സമില്ലാതെ ലഭിക്കുന്നതിന് സർക്കാർ കേരള കാഷ്യൂബോർഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ച് തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്നും ഗുണമേന്മയുള്ള തോട്ടണ്ടി ന്യായമായ വിലയ്ക്ക് ലഭ്യമാക്കിവരുന്നു. ഇതിനകം 20000 മെട്രിക് ടൺ തോട്ടണ്ടി കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും ലഭ്യമാക്കിയിട്ടുണ്ട്.<br><br>പ്രവർത്തനമൂലധനമായും ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനും നവീകരണത്തിനും ബ്രാന്റ് ബിൽഡിംഗിനും ഗ്രാറ്റിവിറ്റി നൽകുന്നതിനുമായി കശുവണ്ടി വികസന കോർപ്പറേഷന് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 196.50 കോടി രൂപയും കോർപ്പറേഷൻ ബാങ്കുകൾക്ക് നൽകാനുണ്ടായിരുന്ന വായ്പാ കുടിശ്ശിക ഒറ്റത്തവണയായി അടച്ചുതീർക്കുന്നതിന് 80 കോടി രൂപയും ഉൾപ്പെടെ ആകെ 276.50 |

കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഗ്രാറ്റിവിറ്റി ഇനത്തിൽ തൊഴിലാളികൾക്ക് നൽകാനുണ്ടായിരുന്ന 2013 വരെയുള്ള കുടിശ്ശിക ഇതിനകം കൊടുത്തു തീർത്തിട്ടുണ്ട്.

കാപ്പെക്സിന് ആകെ 56.16 കോടി രൂപ പ്രവർത്തനമൂലധനമായും ഫാക്ടറികളുടെ നവീകരണത്തിനും ഗ്രാറ്റിവിറ്റി കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും സർക്കാർ അനുവദിച്ചിട്ടുണ്ട്. കശുവണ്ടിത്തൊഴിലാളികൾക്ക് നൽകാനുള്ള ഗ്രാറ്റിവിറ്റി കുടിശ്ശിക ഘട്ടം ഘട്ടമായി കൊടുത്തുതീർക്കുന്നതിന് സർക്കാർ ശ്രമം നടത്തി വരുന്നു.

കശുവണ്ടി വികസന കോർപ്പറേഷൻ 2019 ൽ 161 തൊഴിൽ ദിനങ്ങളും കാപ്പെക്സ് 214 തൊഴിൽ ദിനങ്ങളും തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. ഒരു വർഷം ഏറ്റവും കുറഞ്ഞത് 200 തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിന് തടസ്സമില്ലാതെ തോട്ടണ്ടി ലഭ്യത ഉറപ്പുവരുത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോർപ്പറേഷനിൽ ഇതിനകം 3000 തൊഴിലാളികളെ പുതുതായി നിയമിച്ചിട്ടുണ്ട്. ആയിരം തൊഴിലാളികളെ കൂടി നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കാപ്പെക്സിൽ ഇതിനകം 1750 തൊഴിലാളികളെ പുതുതായി നിയമിച്ചിട്ടുണ്ട്.

(ബി) കശുവണ്ടി വ്യവസായത്തിന്റെ ബഹുഭൂരിഭാഗവും സ്വകാര്യമേഖലയിലായിരിക്കുന്നതിനാൽ തൊഴിലാളി താല്പര്യം പരിഗണിച്ച് അടഞ്ഞു കിടക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാൻ സർക്കാർ നടത്തിയ പ്രവർത്തനം ഫലം കണ്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) കടക്കെണിയിലായതുകാരണം പൂട്ടിക്കിടന്നിരുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറപ്പിക്കുന്നതിനായി സർക്കാർ ഒരു റിവൈവൽ പാക്കേജിന് രൂപം കൊടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഇതിനകം വിവിധ ബാങ്കുകൾ മുഖാന്തിരം വായ്പ ലഭ്യമാക്കി 50 തിലധികം ഫാക്ടറികൾ തുറക്കുന്നതിന് നടപടി സ്വീകരിച്ചു. വായ്പയായി 31 കോടിയിലധികം രൂപ കശുവണ്ടി വ്യവസായികൾക്ക് ലഭ്യമാക്കി. പുനരുദ്ധാരണ പാക്കേജ് പ്രകാരമുള്ള പലിശ സബ്സിഡി നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്.

പുനരുദ്ധാരണ പാക്കേജുമായി ബന്ധപ്പെട്ട് സ്വകാര്യ വ്യവസായികൾക്ക് ബാങ്കുകൾ നൽകുന്ന ധനസഹായം അവലോകനം ചെയ്യുന്നതിനായി 02/03/2020 ൽ ബഹു. മുഖ്യമന്ത്രി എസ്.എൽ.ബി.സി. യുടേയും ബന്ധപ്പെട്ട മറ്റുള്ളവരുടേയും യോഗം വിളിച്ചിരുന്നു. വ്യവസായികളുടെ വായ്പയിന്മേൽ ഒരു വർഷത്തെ മോറട്ടോറിയം അനുവദിക്കാനും അർഹതയുള്ളവർക്ക് അധിക വായ്പ സമയബന്ധിതമായി അനുവദിക്കാനും അനുവദിക്കുന്ന വായ്പ പലിശയിൽ തട്ടിക്കിഴിക്കുന്നത് ഒഴിവാക്കാനും ഒറ്റത്തവണ തീർപ്പാക്കുന്ന കേസുകളിൽ പലിശയും പിഴപ്പലിശയും പൂർണ്ണമായും ഒഴിവാക്കി മുതലിന്റെ നിശ്ചിത ശതമാനം തവണകളായി അടച്ചു തീർക്കാൻ ഒരു വർഷത്തെ സാവകാശം അനുവദിക്കാനും മുഖ്യമന്ത്രി ബാങ്കുകളോട് ആവശ്യപ്പെട്ടു.

സർക്കാർ നടത്തിയ നിരന്തര ഇടപെടലിന്റെ ഫലമായി 2020 ഫെബ്രുവരി മാസത്തെ കണക്കുപ്രകാരം 511 കശുവണ്ടി ഫാക്ടറികൾ കേരളത്തിൽ തുറന്നു പ്രവർത്തിച്ചിട്ടുണ്ട്.

(സി) ഈ വ്യവസായത്തിന്റെ സംരക്ഷണത്തിനായി കേന്ദ്രസർക്കാരിൽ നിന്ന് എന്തെങ്കിലും സഹായം ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്രസർക്കാരിൽ നിന്നും സഹായം ലഭ്യമായിട്ടില്ല.

(ഡി) പ്രതിസന്ധി നേരിട്ടിരുന്ന ഈ വ്യവസായത്തിലെ തൊഴിലാളികൾക്ക് മതിയായ ഹാജരില്ലെന്ന കാരണത്താൽ അർഹതപ്പെട്ട ഇ.പി.എഫ്. പെൻഷൻ നിഷേധിക്കുന്ന കേന്ദ്ര നടപടി പിൻവലിപ്പിക്കാൻ സാധ്യമായിട്ടുണ്ടോ; വിശദമാക്കുമോ?

(ഡി) ഇ.പി.എഫ് പെൻഷൻ സ്കീം 1995 പ്രകാരം പെൻഷൻ ലഭിക്കുന്നതിന് ഒരു ഇ.പി.എഫ് മെമ്പർക്ക് 10 വർഷത്തെ യോഗ്യതാ സർവ്വീസ് ഉണ്ടായിരിക്കണം. പെൻഷൻ സർവ്വീസ് പരിഗണിക്കുന്നത് പെൻഷൻ കോൺട്രിബ്യൂഷൻ അടയുന്ന ദിവസങ്ങളെ ആശ്രയിച്ചാണ്. പലപ്പോഴും കശുവണ്ടി വ്യവസായത്തിൽ ജോലി ചെയ്യുന്ന ദിവസ വേതനക്കാർക്ക് വർഷം മുഴുവൻ പ്രവർത്തി ദിനങ്ങൾ ലഭിക്കാത്തതിനാൽ പെൻഷൻ ലഭിക്കാനാവശ്യമായ മിനിമം സർവ്വീസ് കാലയളവായ 10 വർഷം അതായത് 3650 ദിവസങ്ങൾ ലഭിക്കാത്തതിനാൽ പെൻഷൻ

ലഭിക്കാത്ത സാഹചര്യം ഉണ്ടാകാറുണ്ട്. പക്ഷെ മതിയായ ഹാജർ ഇല്ലെന്ന കാരണത്താൽ തൊഴിലാളികൾക്ക് പെൻഷൻ നിഷേധിക്കുന്നത് സംബന്ധിച്ച വിഷയം സംസ്ഥാന ഗവൺമെന്റ് മുഖാന്തിരം കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതിനെ തുടർന്ന് ഇ.പി.എഫ്. പെൻഷന് 3650 ദിവസങ്ങൾ ആവശ്യമാണെന്നതിന് മാറ്റം വരുത്തിയിട്ടുണ്ട്. തൊഴിലാളികൾക്ക് പ്രയോജനം കിട്ടണമെങ്കിൽ കേന്ദ്രസർക്കാർ പെൻഷൻ വ്യവസ്ഥകളിൽ ഇനിയും മാറ്റം വരുത്തേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ